# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 544** — **11.12.2012 ൽ മറുപടിയ്ക്ക്**

## കേരള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ഗുരുദാസൻ** | **ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)** |
| (എ) കേരള കോ-ഓപ്പറേറ്റീവ് ഓംബുഡ്സ്മാൻ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നത് ; | (എ) സഹകരണ ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തിക്കുന്നതിന് തിരുവനന്തപുരം വഞ്ചിയൂർ വില്ലേജിലെ റ്റി.സി. 28/995 (2) നമ്പർ കെട്ടിടം വാടകയ്ക്കു ലഭ്യമാക്കി നൽകിയിട്ടുണ്ട്. ടി ഓഫീസ് 23.08.2011 മുതൽ ടി കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ടി ഓഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ ഓംബുഡ്സ്മാൻ ഓഫീസിന് 30.09.2011 ലെ സ.ഉ (സാധാ) നം. 527/2011/സഹ പ്രകാരം എസ്.റ്റി.ഡി. സൗകര്യത്തോടെ ടെലിഫോൺ അനുവദിച്ചിട്ടുണ്ട്. നിലവിൽ സഹകരണ ഓംബുഡ്സ്മാന്റെ പ്രവർത്തനത്തിന് സഹകരണ വകുപ്പിലെ ഒരു ഡെപ്യൂട്ടി രജിസ്ട്രാറുടെ സേവനം അധിക ചുമതലയായും ഒരു ജൂനിയർ ഇൻസ്പെക്ടറുടെ സേവനം പ്രവർത്തിക്രമീകരണ വ്യവസ്ഥയിലും വിട്ടു നൽകിയിട്ടുണ്ട്. |
| ബി) ഓംബുഡ്സ്മാൻ ആവശ്യപ്പെട്ട സൗകര്യങ്ങൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ; <br> (സി) എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് ഫലപ്രദമായി | (ബി) യും (സി) യും ഓംബുഡ്സ്മാൻ ആവശ്യപ്പെട്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഓംബുഡ്സ്മാന് ഔദ്യോഗിക ഉപയോഗത്തിനായി ഒരു വാഹനം |

| | |
|---|---|
| പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുമോ ? | 06.12.2012 ലെ സ.ഉ (സാധാ) നം. 699/2012/സഹ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ